**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **13-02-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൊകേരി കലാനഗർ, പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചേരി, ആയഞ്ചേരിയിലെ കീരിയങ്ങാടി എന്നീ സ്ഥലങ്ങളിൽ വൈദ്യുതി തടസ്സം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | കുന്നുമ്മൽ, പുറമേരി, ആയഞ്ചേരി എന്നീ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ കൊടുത്ത പ്രവൃത്തികൾ നടന്നുവരികയാണ്.<br><br>കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൊകേരി കലാനഗർ ഭാഗത്ത് ABC കേബിളുകൾ ഉപയോഗിച്ച് 1 കിലോമീറ്റർ LT സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി കൺവേർഷൻ ചെയ്യുന്ന 4.82 ലക്ഷം രൂപയുടെ പ്രവൃത്തി കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി നടന്നുവരികയാണ്.<br><br>പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടശ്ശേരി ഭാഗത്ത് 0.5 കിലോമീറ്റർ 11 kV OH ലൈൻ പുതുതായി നിർമ്മിക്കുന്നതിനും 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമായി 11.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് പദ്ധതിയായ ദ്യുതി-2 ൽ ഉൾപ്പെടുത്തി നടന്നുവരുന്നുണ്ട് .<br><br>ആയഞ്ചേരി കീരിയങ്ങാടി പ്രദേശത്ത് മംഗലാട് കനാൽ ഭാഗത്തു 2 കിലോമീറ്റർ LT OH ലൈൻ ABC ആക്കി മാറ്റുന്ന 19.26 ലക്ഷം രൂപയുടെ പ്രവൃത്തികൾ RDSS Phase-I പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ